# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1729 — 03.05.2017 — ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് റേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് റേഷൻ ഏർപ്പെടുത്തുന്നത് പൊതു വിപണിയിലെ അരി വില കുറയ്ക്കുന്നതിന് സഹായകരമാകും എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് റേഷൻ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയി ക്കുമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികളെ റേഷൻ വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് അധിക ഭക്ഷ്യധാന്യ വിഹിതം ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി വിഭാഗങ്ങളുടെ കൃത്യമായ വിവരങ്ങൾ പോലീസ്, ഹെൽത്ത്, സ്റ്റാറ്റിസ്റ്റിക്സ്, തൊഴിൽ തുടങ്ങിയ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ ത്വരിത നടപടികൾ വകുപ്പ്തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ഇവർക്ക് റേഷൻ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. |
| (ബി) റേഷൻ കാർഡിനായി ഇതുവരെ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് ഇപ്പോൾ അപേക്ഷിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള അവസരം എന്നുമുതൽ ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) ഇല്ല. റേഷൻ കാർഡ് വിതരണം പൂർത്തിയായ ശേഷം പുതിയ റേഷൻ കാർഡിന് അപേക്ഷിക്കാവുന്നതാണ്. |

*സെക്ഷൻ ഓഫീസർ*